പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 536

20/11/2019 ൽ മറുപടിക്ക്

## കന്നുകാലികളുടെ എണ്ണത്തിലുണ്ടായ കുറവ്

**ചോദ്യം**

ശ്രീ. എം വിൻസെന്റ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.പി.ടി തോമസ്.
ശ്രീമതി. ഷാനിമോൾ ഉസ്മാൻ:

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിൽ വർഷം തോറും ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | എ) | കന്നുകാലികളുടെ എണ്ണത്തിൽ വർഷം തോറും ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ.<br>1)ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം.<br>2)കന്നുകുട്ടി പരിപാലന പദ്ധതി.(ഗോവർദ്ധിനി,Calf Adoption Program)<br>3)സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി, NLM)<br>4)വെറ്ററിനറി സേവനം.<br>5)ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി.<br>6) മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ.<br>7) ഊർജ്ജിത കന്നുകാലി വികസന പദ്ധതി.<br>8)രോഗ പ്രതിരോധ പദ്ധതികൾ.<br>9)കർഷകർക്ക് നഷ്ടപരിഹാരം.<br>10)കർഷക പരിശീലന പരിപാടികൾ<br>11)ക്രോസ് ബ്രീഡിംഗ്<br>12)കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതി.<br><br>സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിനും പാലുല്പാദന വർദ്ധനവും ലക്ഷ്യം വച്ചാണ് അന്യസംസ്ഥാനത്ത് നിന്നും കറവ പശുക്കളെയും കിടാരികളെയും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ നമ്മുടെ സംസ്ഥാനത്ത് തന്നെ ഉല്പാദനക്ഷമതയുള്ള നല്ല കറവപശുക്കളെ വാർത്തെടുക്കുന്നതിന് കിടാരി പാർക്ക് പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | 2018- ലെ പ്രളയത്തിൽ കന്നുകാലികൾ ചത്തൊടുങ്ങിയതുമൂലം ഉണ്ടായ എണ്ണക്കുറവ് പരിഹരിക്കുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നും അവയെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ; | ബി) | നടപടി സ്വീകരിച്ചിരുന്നു. 2018 ലെ പ്രളയത്തിൽ കന്നുകാലികൾ ചത്തൊടുങ്ങിയത് മൂലം ഉണ്ടായ എണ്ണക്കുറവ് പരിഹരിയ്ക്കുന്നതിനു സംസ്ഥാനത്തിന് പുറത്തുനിന്നും കിടാരികളെ കൊണ്ടു വന്ന് വളർത്താൻ വെള്ളപ്പൊക്ക ബാധിതമായ 7 ജില്ലകളിൽ 2019-20 വർഷം മൃഗസംരക്ഷണ വകുപ്പ് വഴി കിടാരി വളർത്തൽ പദ്ധതി നടപ്പിലാക്കും<br>ക്ഷീര വികസന വകുപ്പ് പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിനായി കറവപ്പശുക്കളെ വാങ്ങുന്നതിന് 'ഫ്ലഡ് റിലീഫ് പ്രോഗ്രാം' എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു.<br>ഈ പദ്ധതിയുടെ ഭാഗമായി 2838 കറവപ്പശുക്കളെ സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| സി) | പ്രസ്തുത പ്രളയത്തിൽ ക്ഷീര സംഘങ്ങൾക്കുണ്ടായ നഷ്ടം എത്രയാണ്. അത് നികത്തുവാൻ എന്തൊക്കെ സഹായങ്ങളാണ് അവർക്ക് നൽകിയത്; വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്തെ ക്ഷീരസംഘങ്ങളുടെ കെട്ടിടം പൂർണ്ണമായോ ഭാഗികമായോ നാശം സംഭവിച്ചതിന്റെയും പരിശോധനാ ഉപകരണങ്ങൾ, ഫർണിച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ ശീതീകരണ മുറികൾ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതിന്റേയും ഭാഗമായി ഏകദേശം 365 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. കൂടാതെ പാൽ സംഭരണം നടത്തി വിപണനം നടത്തുവാൻ കഴിയാത്തതിനാൽ 384 ലക്ഷം രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. ക്ഷീര സംഘങ്ങൾക്കുള്ള നാശനഷ്ടങ്ങൾ നികത്തുന്നതിന് ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതിയിലും ഫ്ലഡ് റീഹാബിലിറ്റേഷൻ പദ്ധതിയിലും സഹായം നൽകിയിട്ടുണ്ട്.<br>ക്ഷീരസംഘങ്ങൾക്ക് നൽകിയ വിവിധ സഹായങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനവിവരം | ധനസഹായം |
|---|---|---|
| 1 | പാൽ സംഭരണ മുറി/ ഗോഡൗൺ | 3,75,000 |
| 2 | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ | 5,25,000 |
| 3 | AMC യൂണിറ്റ് | 1,10,000 |
| 4 | ട്രാൻസ്പോർട്ടേഷൻ മിൽക്ക് റൂട്ടിനുള്ള ധനസഹായം | 35,000 |
| 5 | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61,500. |
| 6 | പ്രവർത്തന രഹിതമായ ക്ഷീരസംഘങ്ങൾ പുന: | 61,500 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td></td><td>ജീവിപ്പിക്കുന്നതിനുള്ള ധനസഹായം</td><td></td></tr>
<tr><td>7</td><td>ക്ഷീരസംഘങ്ങൾക്ക് ഇൻഫർമേഷൻ കിയോസ്ക്</td><td>1,10,000</td></tr>
<tr><td>8</td><td>ആവശ്യാധിഷ്ഠിത സഹായം</td><td>1,20,000</td></tr>
<tr><td>9</td><td>FSSA ധനസഹായം</td><td>45,000/-</td></tr>
<tr><td>10</td><td>ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി പച്ചപ്പുല്ല്, വയ്ക്കോൽ വിതരണം</td><td>1,00,000/-</td></tr>
</table>
</td></tr>
<tr><td>ഡി)</td><td>2019 ലെ പ്രളയത്തിൽ ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടം വിലയിരിത്തിയിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരമായി എന്ത് തുകയാണ് ഇതിനകം വിതരണം ചെയ്തത് എന്നറിയിക്കാമോ?</td><td>ഡി)</td><td>പ്രളയം മൂലം മൃഗസംരക്ഷണ മേഖലയിൽ 294 പശുക്കൾ, 101 കിടാരികൾ, 60 എരുമ, 475 ആടുകൾ, 381723 കോഴികൾ, 6466 താറാവുകൾ, 66 മുയലുകൾ എന്നിവയും 847 കാലിത്തൊഴുത്തുകൾ പൂർണ്ണമായും, 3693 തൊഴുത്തുകൾ ഭാഗികമായും, നഷ്ടപ്പെട്ടു. 87 കോഴിഷെഡ്ഡുകളും, 32 ആട് ഷെഡ്ഡുകളും നഷ്ടപ്പെട്ടിട്ടുണ്ട്. മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ 41.74 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയത്തിൽ അടിയന്തിര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നി സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019 ലെ പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ധനസഹായം നല്കാൻ ദുരന്തനിവാരണ ഫണ്ട് ലഭിക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br><br>ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് 2.8 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 117 ലക്ഷം രൂപയുടെ 450 മെട്രിക് ടൺ കാലിത്തീറ്റ വിതരണം ചെയ്യുകയും പാൽ വിപണനത്തിന് കഴിയാതെ വന്ന സ്ഥലങ്ങളിൽ ക്ഷീരസംഘങ്ങളിൽ സംഭരിച്ച പാൽ, മേഖലാ യൂണിയന്റെ റൂട്ടുകളിലെത്തിക്കുന്നതിനും മൃഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനും കന്നുകാലികൾക്ക് മറ്റ് തീറ്റവസ്തുക്കൾ എത്തിക്കുന്നതിനും അനുബന്ധ തീറ്റകൾ ലഭ്യമാക്കുന്നതിനും 163 ലക്ഷം രൂപ ഉൾപ്പെടെ ആകെ 280 ലക്ഷം രൂപ അടിയന്തര സഹായമായി ലഭ്യമാക്കി.<br>ക്ഷീരവികസന വകുപ്പിന്റെ 2019-20 വാർഷിക പദ്ധതിയിൽ 2018, 2019 വർഷത്തിൽ പ്രളയവും പ്രകൃതിക്ഷോഭവും നടന്ന പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ഫ്ലഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാമും നടപ്പിലാക്കുന്നുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | | | അടിയന്തരസഹായമായി 600 പേർക്ക് കണ്ടിജൻസി ഫണ്ടായി ഒരാൾക്ക് 15,000/- രൂപ വീതം ആകെ 90 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് കർഷകർ/സന്നദ്ധ സംഘടന മുഖേനയും ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ടും ദുരിതം വിതച്ച മേഖലയിലെ കർഷകർക്ക് കാലിത്തീറ്റയും വൈയ്ക്കോലും പച്ചപ്പുല്ലും വിതരണം നടത്തിയിട്ടുണ്ട്. ജയിൽ വകുപ്പ് ക്ഷീരവികസന വകുപ്പിന്റെ അപേക്ഷ പ്രകാരം പ്രളയബാധിത പ്രദേശത്തെ കർഷകർക്ക് പച്ചപ്പുല്ല് വിതരണം നടത്തുകയും ചെയ്തു |

സെക്ഷൻ ഓഫീസർ